ശ്രീ. എം. വി. ജയരായൻ: അങ്ങ് പറയേണ്ട കാര്യം, അങ്ങ് ഈ ഫ്ളോറിൽ മറുപടി പറഞ്ഞു. കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മിഷൻ വഴി എത്ര നിയമനം നടത്തി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര നിയമനം നടത്തി എന്നുള്ള സ്റ്റേറ്റിലെ നമ്പർ അങ്ങ് പറഞ്ഞു. എന്നിട്ട് എന്റെ ചോദ്യത്തിന്, അതായത് കേരളത്തിൽ ആകെ എത്ര നിയമനങ്ങൾ എന്നതിന് മറുപടി എങ്ങനെയെടുക്കുമെന്ന് പറഞ്ഞത് അങ്ങേക്ക് ഭൂഷണമാണെങ്കിലും അത് സഭയ്ക്ക് നല്ലതല്ല. താൽക്കാലികാടിസ്ഥാനത്തിലുള്ളതുതന്നെ അങ്ങ് പറഞ്ഞു, ഇക്കണോമിക് റവ്യൂ റിപ്പോർട്ടിൽ ഇതിന്റെ കണക്കുണ്ട്.

(b) റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ പ്രവർത്തനത്തിൽ ചോദ്യോത്തരത്തിന്റെ പ്രാധാന്യം പ്രത്യേകം എടുത്തു പറയേണ്ടതായിട്ടില്ല. മെമ്പർമാരുടെ അവകാശമാണിത്. കാലാകാലങ്ങളിൽ ചോദ്യങ്ങളുടെ എണ്ണം വർദ്ധിച്ചു, അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ട് സർക്കാർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ചോദ്യങ്ങൾ പരിമിതപ്പെടുത്തുകയും അതിന് കൃത്യമായി മറുപടി നൽകാമെന്ന ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് പരിമിതപ്പെടുത്തിയിട്ടുള്ളത്. ഈ സെഷനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. എനിക്ക് കിട്ടിയ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിൽ സ്റ്റാർഡ് ക്വസ്റ്റ്യൻ 131-നും ഉത്തരം ലഭ്യമായിട്ടുണ്ട്. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 929-ൽ 798 എണ്ണം കിട്ടി, 131 എണ്ണം കിട്ടാതെയുണ്ട്. കുറേയെണ്ണം ഇന്ന് വൈകുന്നേരമാകുമ്പോൾ കിട്ടിയെന്നുവരും. ഈ സെഷനെ സംബന്ധിച്ചിടത്തോളം ഉത്തരം കിട്ടിയെന്നത് ശരിയാണ്. പിന്നെ ഉത്തരങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ച് ഇന്നയിന്ന രീതിയിൽ ഉത്തരം പറയണമെന്ന് ചെയറിന് പറയാൻ കഴിയുകയില്ല. പക്ഷെ ഒരു കാര്യം വ്യക്തമാണ്. ചോദ്യം ചോദിക്കുന്നതിന്റെ ഉദ്ദേശത്തെ ശരിക്കും ഫലപ്രദമാകത്തക്കവിധം പരമാവധി വസ്തുതകൾ വിശദീകരിച്ചുകൊണ്ടുള്ള ഉത്തരം സാങ്കേതികത്വത്തിൽ പിടിച്ചു നിൽക്കാതെ ലഭ്യമാക്കേണ്ടതാണ്. പഴയത് കുറെ ബാക്കിയുണ്ട് എന്നുള്ളത് സത്യമാണ്. അത് കാലാകാലമായി നിൽക്കുന്ന ഒരു കാര്യമാണ്. കഴിഞ്ഞ സഭയിലെ തന്നെ ചില ഉത്തരങ്ങൾ എനിക്ക് ഇപ്പോൾ കിട്ടുന്നുണ്ട് എന്നത് ഒരു സത്യമാണ്. അതൊരു എക്സ്ക്യൂസല്ല. ഏതായാലും എന്റെ മുൻഗാമികളായിട്ടുള്ള ആളുകളടക്കം കാലാകാലങ്ങളിൽ ഇവിടെ നടത്തിയിട്ടുള്ള റൂളിംഗ് ആവർത്തിച്ചതുകൊണ്ട് വലിയ കാര്യമൊന്നുമില്ല. പക്ഷേ അതിന്റെ സ്പിരിറ്റ് ശരിക്കും ഉൾക്കൊള്ളണം. ഈ അഞ്ച് കൊല്ലക്കാലത്തെ ചോദ്യങ്ങളുടെ കാര്യത്തിൽ പരമാവധി എണ്ണത്തിന് തക്ക സമയത്തു തന്നെ മറുപടി കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് മന്ത്രിമാർ വകുപ്പു മേധാവികളോട് കർശനമായി ആവശ്യപ്പെടുകയും വേണം. അങ്ങനെ അംഗങ്ങളുടെ അവകാശം പരിരക്ഷിക്കേണ്ടത് എല്ലാപേരുടേയും ഉത്തരവാദിത്വമാണ്. കാരണം ഇന്നു മറുപടി പറയേണ്ടവർ നാളെ ചോദ്യം ചോദിക്കും. ഇന്ന് ചോദ്യം ചോദിക്കുന്നവർ ചിലപ്പോൾ മറിച്ചും ആകാം. ഇത് എല്ലാപേർക്കും ബാധകമായ ഒരു കാര്യമാണ്.

GPM. 2/152/2013---24

LIBRARY ARCHIVES Kerala Legislative Assembly